അങ്കമാലി ബസ്സ്റ്റാൻറിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് നടപടി

71 [1229] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻറിനോടനുബന്ധിച്ച് റോഡിൻറെ വശത്തായി ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിൻറെ പണി തുടങ്ങുന്നതിന് കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൻറെ പണി തുടങ്ങുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈവറ്റ് ബസ്സുകൾ അലക്ഷ്യമായി പാർക്ക് ചെയ്യുന്നതിനെതിരെ നടപടി

72 [1239] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ട ബസ്സ്റ്റാൻറിൽ പ്രൈവറ്റ് ബസ്സുകൾ അലക്ഷ്യമായി പാർക്കുചെയ്യുന്നതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ നടപടി കൈക്കൊള്ളുമോ;

(സി) ഈ ബസ്സുകൾ കിഴക്കേക്കോട്ടയിൽനിന്ന് ഓപ്പറേറ് ചെയ്യാതെ സമീപ പ്രദേശങ്ങളിൽനിന്നും ഓപ്പറേറ് ചെയ്യാൻ സഹായകമാകുന്ന രീതിയിൽ ഷെഡ്യൂൾ പുനഃസംവിധാനം ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മേൽ മറുപടിയുടെ വെളിച്ചത്തിൽ, ഷെഡ്യൂൾ പുനഃസംവിധാനം ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly